(എ) വിജിലൻസ് ഡയറക്ടർ സ്ഥാനത്തുനിന്നും ശ്രീ. ജേക്കബ് തോമസിനെ മാറ്റി നിർത്തിയിട്ടില്ല. അദ്ദേഹം അവധിക്ക് അപേക്ഷിച്ചതിനെ തുടർന്ന് 1-4-2017-മുതൽ ഒരു മാസത്തെ ആർജ്ജിതാവധി അനുവദിച്ചിട്ടുണ്ട്. വീണ്ടും ഒരു മാസത്തേയ്ക്ക് കൂടി അവധി ദീർഘിപ്പിക്കാൻ അദ്ദേഹം അപേക്ഷിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) വിജിലൻസ് വകുപ്പ് സ്വതന്ത്രവും നീതിയുക്തവുമായാണ് പ്രവർത്തിക്കുന്നത്.

**വിജിലൻസിൽ പരാതി സ്വീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

156 (1583) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസിൽ ലഭിക്കുന്ന പരാതി സ്വീകരിക്കുന്നതിനും തുടർ അന്വേഷണം നടത്തുന്നതിനും മാനദണ്ഡങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെങ്കിലും ജീവനക്കാർക്കെതിരെ വ്യക്തി വിദ്വേഷത്തിന്റെയോ, പ്രതികാര മനോഭാവത്തിന്റെയോ ഭാഗമായി നൽകുന്ന പരാതികളിൽ അന്വേഷണം നടത്തുന്നതുമൂലം പ്രസ്തുത ജീവനക്കാർക്ക് ഉണ്ടാകുന്ന മാനസിക പിരിമുറുക്കങ്ങൾ അവരുടെ വ്യക്തി ജീവിതത്തിലും തൊഴിലിലും പ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന വസ്തുത മനസ്സിലാക്കി അന്വേഷണങ്ങൾ നടത്തുവാൻ വിജിലൻസ് വകുപ്പിനെ സജ്ജമാക്കുവാൻ സാധിക്കുമോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 29-3-2017-തീയതിയിലെ ജി.ഒ.(പി)9/2017/വിജി. സർക്കാർ ഉത്തരവുപ്രകാരം പരാതി സ്വീകരിക്കുന്നതിനും തുടർ അന്വേഷണം നടത്തുന്നതിനുമുള്ള വ്യക്തമായ മാനദണ്ഡങ്ങൾ രൂപീകരിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**അഴിമതിക്കേസ്സുകളിൽ പ്രതികളായ സി-ഡിറ്റ് ജീവനക്കാർ**

157 (1584) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതിക്കേസ്സുകളിൽ പ്രതികളായ എത്ര സ്ഥിരം ജീവനക്കാർ സി-ഡിറ്റിൽ ജോലി ചെയ്തു വരുന്നുവെന്ന് അവരുടെ പേരും തസ്തികയും സഹിതം വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി രൂപപ്പെടുത്തിയ

LIBRARY ARCHIVES Kerala Legislative Assembly